▪ അനുസ്മരണം ▪



# കെ.എ മുഹമ്മദ്

**പള്ളിക്കര** ഏരിയയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട് ജൂലൈ 31-ന് നമ്മെ വിട്ടുപിരിഞ്ഞ കെ.എ മുഹമ്മദ് സാഹിബ് (79).

താനാർജിച്ച വിജ്ഞാനവും തനിക്ക് ബോധ്യമായ വസ്തുതകളും അദ്ദേഹം തന്റെ പ്രദേശവാസികൾക്ക് പകർന്നുകൊടുത്തപ്പോൾ അത് വലിയൊരു മാറ്റത്തിന് തുടക്കമായി. ദീർഘകാലം പ്രാദേശിക അമീറായും ഫർക്കാ കൺവീനറായും അദ്ദേഹം സേവനമനുഷ്ഠിച്ചു. പ്രസ്ഥാനത്തിന്റെ ഭാവി വളർന്നുവരുന്ന തലമുറയിലാണെന്ന് തിരിച്ചറിഞ്ഞ് വിദ്യാർഥി യുവജനങ്ങളുമായി അഗാധമായ സൗഹൃദം സ്ഥാപിച്ചു. പിൽക്കാലത്ത് പ്രസ്ഥാനത്തിന്റെ എതിർചേരിയിൽ അണിനിരക്കാൻ സാധ്യതയുണ്ടായിരുന്ന പല യുവാക്കളെയും കൂടെ നിർത്താൻ അദ്ദേഹത്തിന്റെ ബന്ധം സഹായകമായി.

പള്ളിക്കരയിലെ സാമൂഹിക, സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം നൽകേണ്ടത് ഇസ്‌ലാമിക പ്രസ്ഥാനമാണെന്ന ദീർഘവീക്ഷണത്തോടെ എഴുപതുകളിൽ രൂപീകരിച്ച ഇസ്‌ലാമിക് സെൻട്രൽ ട്രസ്റ്റിന്റെ അമരക്കാരനായി വളരെക്കാലം അദ്ദേഹം പ്രവർത്തിച്ചു. ഈ ട്രസ്റ്റിന്റെ കീഴിലാണ് പെരിങ്ങാലയിലെ ഐ.സി.ടി സ്ഥാപനങ്ങൾ ഉയർന്നുവന്നത്.

ദാരിദ്ര്യത്തിലമർന്നുകിടന്ന പള്ളിക്കര മേഖലയിൽ നിത്യ ജീവിതത്തിന് ബുദ്ധിമുട്ടിയ നൂറുകണക്കിന് കുടുംബങ്ങൾക്ക് ധൈര്യപൂർവം കടന്നുചെല്ലാവുന്ന അത്താണിയും ആശ്വാസവും മുഹമ്മദ് സാഹിബായിരുന്നു. വിദ്യാർഥികൾക്ക് പഠന-യാത്രാവശ്യങ്ങൾക്കായി അദ്ദേഹം ചെയ്ത സഹായങ്ങൾക്ക് കണക്കില്ല.

ബസ് സർവീസ് വ്യവസായത്തിന് പള്ളിക്കര മേഖലയിൽ മൂന്നു പതിറ്റാണ്ട് മുമ്പ് തുടക്കം കുറിച്ചവരിലൊരാളാണ് അദ്ദേഹം. തന്നെ മധ്യസ്ഥതക്ക് വിളിച്ചുകൊണ്ടുപോകുന്നവർക്കെതിരായി നീതിയുടെ പക്ഷത്തുനിന്ന് നിലപാടെടുക്കുമ്പോൾ ആക്ഷേപം കേൾക്കേണ്ടിവന്ന അനുഭവങ്ങളും അദ്ദേഹത്തിനുണ്ടായിട്ടുണ്ട്.

എട്ടുവർഷമായി ചലനശേഷി നഷ്ടപ്പെട്ടും അഞ്ചുവർഷമായി ഏറക്കുറെ അബോധാവസ്ഥയിലുമായിരുന്നു.

ഭാര്യ ഫാത്വിമ. അഞ്ചു പെൺമക്കളും മൂന്ന് ആൺമക്കളുമുണ്ട്. മൂത്തമകൻ സകരിയ്യ മുഹമ്മദ് ജമാഅത്തെ ഇസ്‌ലാമി അമ്പലപ്പടി കാർകുൻ ഹൽഖാ സെക്രട്ടറിയും *മാധ്യമം* ഏരിയാ കോ-ഓർഡിനേറ്ററും ഇസ്‌ലാമിക് സെൻട്രൽ ട്രസ്റ്റ് അംഗവുമാണ്.

**കെ.പി യൂസുഫ്**



# അലവി സാഹിബ് മംഗലശ്ശേരി

**ഇരുമ്പുചോല,** കൊളപ്പുറം, പറമ്പിൽപീടിക പ്രദേശങ്ങളിലെയും അബ്ദുർറഹ്‌മാൻ നഗർ ഏരിയ ഉൾപ്പെടുന്ന തിരൂരങ്ങാടി മേഖലയിലെയും ഇസ്‌ലാമിക ചലനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നവരിലൊരാളാണ് ആഗസ്റ്റ് 14-ന് നമ്മെ വിട്ടുപിരിഞ്ഞ മംഗലശ്ശേരി അലവി സാഹിബ്.

യൗവനത്തിൽ തന്നെ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ ബാംഗ്ലൂരിൽ കഴിയുമ്പോഴായിരുന്നു പ്രസ്ഥാന പരിചയത്തിന്റെ തുടക്കം. 1981-ൽ പറമ്പിൽപീടികയിൽ കെ.പി മുഹമ്മദ് മൗലവി നാസിമായി പ്രവർത്തനമാരംഭിച്ച മുത്തഫിഖ് ഹൽഖയുടെ ജനകീയ ബന്ധത്തിന്റെ മുഖ്യകണ്ണി അലവി സാഹിബായിരുന്നു.

സംഘടനാ ബന്ധങ്ങൾക്കതീതമായി അദ്ദേഹം വിപുലമായ വ്യക്തിബന്ധം വളർത്തിയെടുത്തു. ഉപജീവനമാർഗം കച്ചവടവുമായിരുന്നു. കച്ചവടമായാലും താൻ ബന്ധപ്പെടുന്ന ഏത് കാര്യവും പൂർണ കൃത്യതയോടെ ആയിരിക്കണമെന്ന അദ്ദേഹത്തിന്റെ കണിശബുദ്ധി ഒരു കർക്കശക്കാരന്റെ ഭാവമാണ് അദ്ദേഹത്തിന് സമ്മാനിച്ചത്. എന്നാൽ ആ കണിശക്കാരന്റെ ഹൃദയത്തുടിപ്പ് തൊട്ടറിഞ്ഞവരെ സംബന്ധിച്ചേടത്തോളം അദ്ദേഹം സ്നേഹവും കാരുണ്യവും ഔദാര്യവും ഒത്തിണങ്ങിയ മഹാമനസ്കനായിരുന്നു. വലതുകൈ നൽകിയത് ഇടതുകൈ അറിയാത്ത ദാനശീലം. സ്വയം പ്രയാസമനുഭവിക്കുമ്പോഴും മറ്റുള്ളവരുടെ വിഷമം കണ്ടറിഞ്ഞ് വലുതും ചെറുതുമായ സംഖ്യകൾ കൈവായ്പ നൽകി സഹായിച്ചു.

അലവി സാഹിബ് ഉണ്ടെങ്കിൽ ഏത് ഭീഷണ സാഹചര്യത്തിലും പ്രാസ്ഥാനിക പൊതുപരിപാടികൾ നടത്താൻ പ്രവർത്തകർക്ക് ധൈര്യമായിരുന്നു. ഈ കുറിപ്പുകാരൻ തന്നെ പറമ്പിൽപീടികയിലും കൊളപ്പുറത്തുമൊക്കെ അത് അനുഭവിച്ചതാണ്.

ജിദ്ദയിലും മുംബൈയിലും ഏതാനും വർഷം അദ്ദേഹം ജോലിചെയ്തിട്ടുണ്ട്.

വീടുവെച്ച് സ്വദേശമായ ഇരുമ്പുചോലയിലേക്ക് മാറിത്താമസിച്ചതിൽപിന്നെ കൊളപ്പുറം കാർകുൻ ഹൽഖയിലാണ് പ്രവർത്തിച്ചത്. ഒരു വർഷമായി കാൻസർ ബാധിച്ച് ചികിത്സയിലായിരുന്നു. ഭാര്യ സൈനബ്. മക്കൾ: ഗാസിയ, നശീദ, അമീൻ അഹ്സൻ, അനീസുദ്ദീൻ, മുഹ്സിന, ജാസിറ, ബാസിൽ, മുർശിദ, സ്വഫ്‌വാൻ. പൂർണ പ്രസ്ഥാന കുടുംബം. അല്ലാഹു അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.

**കെ.ടി അബ്ദുർറഹ്‌മാൻ നദ്‌വി**



# സി.എച്ച് ഉമർ

**കണ്ണൂർ** പ്രാദേശിക ജമാഅത്ത് അംഗമായിരുന്ന സി.എച്ച് ഉമർ സാഹിബ് 2007 ജൂലൈ 16-ന് അല്ലാഹുവിങ്കലേക്ക് യാത്രയായി.

1958-ൽ ഹംദർദ് ഹൽഖ നിലവിൽവന്നപ്പോൾ ഉണ്ടായിരുന്ന അഞ്ചു പേരിലൊരാളാണ് ഉമർ സാഹിബ്.

ബീഡിത്തൊഴിലാളിയായും പ്ലൈവുഡ് കമ്പനി തൊഴിലാളിയായും ജോലിചെയ്യവെ അവിടങ്ങളിൽ മുസ്‌ലിംകളിലും സഹോദര സമുദായാംഗങ്ങളിലും പ്രസ്ഥാനത്തിന്റെ സന്ദേശം എത്തിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചിരുന്നു. എത്ര കനത്ത എതിർപ്പുകൾക്ക് നടുവിലും ആരുമായും സംവദിക്കുന്ന പ്രകൃതക്കാരനായിരുന്നു. രണ്ട് പെൺമക്കളുണ്ട്. അല്ലാഹു അദ്ദേഹത്തിന് സ്വർഗം നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.

**പി. ഉമർ, താണ**



# കെ.പി അബ്ദുല്ല

**ലക്ഷദ്വീപ്** കിൽത്താൻ ദ്വീപിലെ ഇസ്‌ലാമിക പ്രവർത്തകൻ കെ.പി അബ്ദുല്ല(56) അല്ലാഹുവിങ്കലേക്ക് യാത്രയായി - *ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

1980-കളിൽ പുസ്തകവായനയിലൂടെയും മർഹൂം കെ.ബി അബ്ദുസ്സലാം മൗലവിയുടെ ഖുത്വ്ബകൾ ശ്രവിച്ചുമാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനായത്. കവരത്തി ദ്വീപിൽ ജോലി ചെയ്തിരുന്ന കാലത്ത് ദ്വീപിൽ *മാധ്യമം* ദിനപത്രത്തിന്റെ പ്രചാരണം അദ്ദേഹം ഒറ്റക്ക് ഏറ്റെടുക്കുകയായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ - ആമീൻ.

**അബ്ദുൽഗഫൂർ, കവരത്തി**



# കെ.സി മുഹമ്മദ്

**ജമാഅത്തെ** ഇസ്‌ലാമി പുളിക്കൽ ഘടകത്തിലെ സജീവ പ്രവർത്തകനും പുളിക്കൽ മസ്ജിദുത്തഖ്‌വ ഇമാമുമായിരുന്ന കെ.സി മുഹമ്മദ് (49) അല്ലാഹുവിലേക്ക് യാത്രയായി - *ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

പുതുതായി രൂപീകരിച്ച വലിയപറമ്പ് മുത്തഫിഖ് ഹൽഖയുടെ സാരഥിയുമായിരുന്നു. തികച്ചും പ്രതികൂലമായ ചുറ്റുപാടിലാണ് കെ.സി പ്രസ്ഥാനത്തിലേക്ക് കടന്നുവന്നത്. കഴിഞ്ഞവർഷം ജമാഅത്ത് അംഗത്വത്തിന് അപേക്ഷ നൽകിയിരുന്നു. അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.

**കെ.സി ജലീൽ, പുളിക്കൽ**